# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4304 28/06/2012-ലെ മറുപടിക്ക്

**<u>യൂണിവേഴ്സിറ്റി ലൈബ്രേറിയൻമാരുടെ ഒഴിവുകളും നിയമനവും</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദുറബ്ബ്, ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി. |
| എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ യൂണിവേഴ്സിറ്റി ലൈബ്രേറിയൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; | എ) കേരള സർവ്വകലാശാലയിൽ നിലവിൽ ഒരു യൂണിവേഴ്സിറ്റി ലൈബ്രേറിയന്റേയും 17 ലൈബ്രേറി അസിസ്റ്റന്റ്മാരുടേയും തസ്തികകൾ ഒഴിവുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ലൈബ്രേറിയന്റെ തസ്തിക 01/04/2011 മുതൽ ഒഴിഞ്ഞുകിടക്കുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തികയിൽ 30/06/2006 മുതൽ ഒരു ഒഴിവുണ്ട്. ഈ തസ്തികയിലേയ്ക്ക് 2006-ൽ വിജ്ഞാപനം ചെയ്തിരുന്നു. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ 2007-ലും 2010-ലും പുനർ വിജ്ഞാപനം ചെയ്യുകയുണ്ടായി. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഒരു ഡെപ്യൂട്ടി ലൈബ്രേറിയന്റെ ഒഴിവുണ്ട്. |

ബി) കേരള യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടന്നിട്ടും നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

ബി) കേരള സർവ്വകലാശാലയിൽ ലൈബ്രേറിയൻ തസ്തിക 22 വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. ഇത് യു.ജി.സി തസ്തിക ആയതിനാൽ യു.ജി.സി യോഗ്യതയുള്ള വ്യക്തിയെ മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളൂ. നാല് പ്രാവശ്യം വിജ്ഞാപനം ചെയ്തിട്ടും യു.ജി.സി യോഗ്യതയുള്ള അപേക്ഷകർ ഉണ്ടായിരുന്നില്ല. അതിനാൽ ഈ യു.ജി.സി യോഗ്യതകൾ ഇളവു ചെയ്യുന്നതിനായി യു.ജി.സി.യ്ക്ക് കത്ത് അയച്ചിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

സി) സംസ്ഥാനത്തെ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ ഉടൻ നിയമനം നടത്തുമോ?

സി) സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിടാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ